**പതിമൂന്നാം കേരളനിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 265** **10.06.2013 -ലെ മറുപടിക്ക്**

**റേഷനരി പൂഴ്ത്തിവെപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലും തിരുമുടിക്കുന്നിലും അനധികൃത ഗോഡൗണുകളിൽ നിന്നും ടൺ കണക്കിന് റേഷൻ അരി പിടികൂടിയതും പ്രതികളെ ഇതുവരെയും അറസ്റ്റു ചെയ്യാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കുറ്റക്കാർക്കെതിരെ കർശന നടപടിയെടുത്ത് നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിന് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | കൊരട്ടി പോലീസ് സ്റ്റേഷനിൽ ക്രൈം 781/13, 785/13, 789/13 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ കേസുകളിലായി 65450 കിലോ അരി പിടിച്ചെടുത്തിട്ടുള്ളതും, പിടിച്ചെടുത്ത ഭക്ഷ്യധാന്യം എഫ്.സി.ഐ. ക്വാളിറ്റി കൺട്രോളർ പരിശോധിച്ച് പി.ഡി.എസ്. മുഖേന വിതരണം ചെയ്യാമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവ മുഴുവൻ വിതരണം ചെയ്ത് തുക റവന്യൂ ഡിപ്പോസിറ്റിൽ ട്രഷറിയിൽ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകുകയും പ്രതിയായി ജെസ്റ്റിൻ, S/o. ജോർജ്ജ്, തെക്കേതല വീട്, സുഗന്ധി ജംഗ്ഷൻ, |

ചിറങ്ങര എന്നയാളെ ഉൾപ്പെടുത്തിയി-ട്ടുള്ളതും ടിയാൻ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്ത-തുമാണ്. പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള ഊർജ്ജിത അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ